## 1066

കാഹളം മുഴങ്ങിടുന്ന കാന്തനാഗമിച്ചിടുന്ന
കാലമിതാ വന്നിടുവാറായി

കാണുവാൻ കൊതിച്ച കൺകൾ കാത്തിരുന്ന പൊൻമുഖം
കൺകുളിർക്കെ കണ്ടിടുവാറായി

അന്നാൾ അനന്തമോദമുള്ളിലേറു
മിന്നാൾ നിരന്തരം നമിച്ചു പാടാം (2)

1 രാവിതേറെയായ് പ്രഭാതതാരമായ് രക്ഷകനാമേശു വന്നിടാറായ്
രാജരാജനായ് കിരീടധാരിയായ് വാഴുവാനവൻ വരുന്നിതാ-

2 ഇന്നു നിന്ദ്യരായ് അവന്റെ മക്കൾ നാം കണ്ണുനീരിലാപതിച്ചെന്നാലും
അന്നു മിന്നിടും കിരീടമേന്തിടും മന്നനേശുവൊത്തു വാണിടും-
**G.K.**